പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2618 — 02.04.2013-ൽ മറുപടി നൽകേണ്ടിയിരുന്നത്.

## കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. .കെ ദാസൻ | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |

---

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദ്യാഭ്യാസവകുപ്പ് മുഖേനയും മറ്റ് വകുപ്പുകളുമായി ചേർന്ന് സംസ്ഥാന ഫണ്ട് ഉപയോഗിച്ചും കേന്ദ്രാവിഷ്കൃത ഫണ്ടുകൾ. ഗ്രാന്റുകൾ എന്നിവ ഉപയോഗിച്ചുംകോഴിക്കോട് ജില്ലയിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന വിവിധ പദ്ധതികളുടെ വിശദമായ വിവരവും പുരോഗതിയും ലഭ്യമാക്കാമോ;

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗിച്ച് ജില്ലാ പഞ്ചായത്ത് മുഖേന 2011-12 സാമ്പത്തിക വർഷത്തിൽ എസ്.എസ്.എ നിർവ്വഹണം, സ്കൂളുകൾക്ക് കായിക ഉപകരണം വാങ്ങൽ, സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പരിപാടി. സമഗ്രവിദ്യാഭ്യാസ പദ്ധതി. പട്ടികജാതി വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തൽ, സ്കൂളുകളിലെ അടുക്കള പുനർനിർമ്മാണം എന്നീ പദ്ധതികളും 2012-13 വർഷത്തിൽ ഹയർ സെക്കന്ററി സ്മാർട്ട് കാമ്പസ്, സമഗ്ര വിദ്യാഭ്യാസ പദ്ധതി, എസ്.പി.സി യൂണിറ്റുകൾക്ക് ധനസഹായം. സമഗ്ര കായികക്ഷമതാ പദ്ധതി, പട്ടികജാതി വിദ്യാർത്ഥികൾക്ക് റസിഡൻഷ്യൽ തൊഴിൽ പോഷണം, ഫർണിച്ചർ വാങ്ങൽ.

പെൺകുട്ടികൾക്കുള്ള വ്യായാമ ഉപകരണങ്ങൾ വാങ്ങൽ. സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം, പട്ടികജാതി വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തൽ തുടങ്ങിയ പദ്ധതികളും

നടപ്പിലാക്കിയിട്ടുണ്ട്.

ഗവ. ഹയർസെക്കന്ററി സ്കൂളുകളിൽ ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റ് **നിർമ്മിക്കുന്നതിനായി കോഴിക്കോട്** ജില്ലയിലെ11 സർക്കാർ ഹയർസെക്കന്ററി **സ്കുളുകൾക്കായി 55 ലക്ഷം രൂപയും, 6 സർക്കാർ ഹയർസെക്കന്ററി സ്കൂളുകളിൽ കുടിവെള്ള സൗകര്യം** ഏർപ്പെടുത്തുന്നതിനായി 38,29,000/- രൂപയും വിനിയോഗിക്കുകയുണ്ടായി. **കോഴിക്കോട് ജില്ലയിലെ 22 ഹയർസെക്കന്ററി സ്കുളുകളിൽ** ലബോറട്ടറി സൗകര്യമേർപ്പെടുത്തുന്നതിന് 73,31,268/- രൂപയും 16 സർക്കാർ ഹയർസെക്കന്ററി സ്കുളുകളിൽ കമ്പ്യൂട്ടർ ലാബിനായി 32,13,000/ രൂപയും **2012-13 സാമ്പത്തിക വർഷത്തിൽ** അനുവദിക്കുകയുണ്ടായി. കോഴിക്കോട് ജില്ലയിലെ 17 സർക്കാർ വൊക്കേഷണൽ ഹയർസെക്കന്ററി സ്കുളുകളിൽ ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലെറ്റുകൾക്കും, കുടിവെള്ളം എന്നിവയ്ക്കായി 29.90 ലക്ഷം രൂപ 2012-13 വർഷത്തിൽ **വിനിയോഗിച്ചിട്ടുണ്ട്.**

**കൂടാതെ, സൗജന്യ** പാഠപുസ്തക **വിതരണം, യൂണിഫോം വിതരണം. ചോദ്യപേപ്പർ നിർമ്മാണം, സ്കൂൾ ഡവലപ്മെന്റ് പ്ലാൻ തയ്യാറാക്കൽ,** പ്രവേശനോത്സവം, വിദ്യാഭ്യാസ **അവകാശ നിയമം, ഹെൽപ്പ്ഡെസ്ക് പ്രവർത്തനങ്ങൾ, മദ്രസ ടീച്ചർ** ട്രെയിനിംഗ്, മൈനോറിറ്റി ഫെസ്റ്റ്. പഠന വീട്, ബാലമേള, ഇൻക്ലൂസീവ് എഡ്യൂക്കേഷൻ ഫോർ ഡിസേബിൽഡ് **ചിൽഡ്രൻ., ടീച്ചർ** ട്രെയിനിംഗ്, **ലേണിംഗ്**

| | | | |
|---|---|---|---|
| | | | എൻഹാൻസ്മെന്റ് പ്രോഗ്രാം. കമ്പ്യൂട്ടർ എയ്ഡഡ് ലേണിംഗ് എന്നീ പദ്ധതികൾക്കായി 1505.95 ലക്ഷം രൂപ 2012-13 സാമ്പത്തിക വർഷത്തിൽ സർവ്വശിക്ഷാ അഭിയാൻ മുഖേന കോഴിക്കോട് ജില്ലയിൽ വിനിയോഗിക്കുകയുണ്ടായി. |
| (ബി) | ഈ പദ്ധതികളിൽ 2011-12 വർഷത്തിൽ കൊയിലാണ്ടി മണ്ഢലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ എന്തെല്ലാം ; പുരോഗതി വ്യക്തമാക്കാമോ; | (ബി) | 2011-12 സാമ്പത്തിക വർഷത്തിൽ കൊയിലാണ്ടി മണ്ഡലത്തിലെ മുൻസിപ്പൽ ഏരിയയിൽ ഒഴികെയുളള ഹൈസ്കൂൾ, ഹയർസെക്കന്ററി സ്കൂൾ എന്നിവയുടെ ഗുണനിലവാരം ഉയർത്തുന്നതിനായി ഒരു ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സർക്കാർ സ്കൂളുകളുടെ മേജർ റിപ്പയർ ഇനത്തിൽ 2,58,90,0000/- രൂപയും. ഇലക്ട്രിഫിക്കേഷൻ ഇനത്തിൽ 41,80,000/- രൂപയും ടോയ്‌ലറ്റ് ഇനത്തിൽ 8,00,000/ രൂപയും സർവ്വശിക്ഷാ അഭിയാൻ മുഖേന കൊയിലാണ്ടി മണ്ഡലത്തിൽ ജില്ലയിൽ വിനിയോഗിച്ചു. |
| (സി) | പ്രസ്തുത പദ്ധതികളിൽ 2012-13 വർഷത്തിൽ കൊയിലാണ്ടി മണ്ഢലത്തിൽ നടപ്പിലാക്കിയ പരിപാടികൾ, പ്രവൃത്തികൾ എന്തെല്ലാം; പുരോഗതി വ്യക്തമാക്കാമോ; | (സി) | 2012-13 സാമ്പത്തിക വർഷത്തിൽ കൊയിലാണ്ടി മുൻസിപ്പൽ ഏരിയയിൽ ഒഴികെയുള്ള ഹൈസ്കുൾ, ഹയർസെക്കന്ററി സ്കുൾ എന്നിവയുടെ ഗുണനിലവാരം ഉയർത്തുന്നതിനായി ഒരു ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഹയർസെക്കന്ററി സ്കുളുകളിൽ ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റുകൾ നിർമ്മിക്കുന്നതിന് 10 ലക്ഷം രൂപയുടെയും കൊയിലാണ്ടി ഗവ. ബോയ്സ് ഹയർസെക്കന്ററി സ്കൂളിൽ |

| | | | |
|---|---|---|---|
| | | | ടോയ്‌ലറ്റ് നിർമ്മിക്കുന്നതിനും, കുടിവെള്ള സൗകര്യം ഒരുക്കുന്നതിനുമായി 3,95,000/- രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ, സർക്കാർ സ്കൂളുകളുടെ **മേജർ റിപ്പയർ ഇനത്തിൽ 20,50,000/- രൂപയും. ഇലക്ട്രിഫിക്കേഷൻ ഇനത്തിൽ 1,30,000/- രൂപയും അഡാപ്റ്റഡ് ടോയ്‌ലറ്റിനായി 1,75,000/- രൂപയും** ഗേൾസ് ടോയ്‌ലറ്റിനായി 4,20,000/- രൂപയും, ഫർണിച്ചർ ഗ്രാന്റ് ഇനത്തിൽ 2,92,000/- രൂപയും സി.ആർ.സി. ബിൽഡിംഗ് ഇനത്തിൽ 1,00,000/ രൂപയും, റാംപ് & റെയിൽ ഇനത്തിൽ 12,000/ രുപയും കൊയിലാണ്ടി മണ്ഡലത്തിൽ സർവ്വശിക്ഷാ അഭിയാൻ മുഖേന വിനിയോഗിച്ചിട്ടുണ്ട്. കൊയിലാണ്ടി മണ്ഡലത്തിലെ ഹയർസെക്കന്ററി സ്കൂളുകളിൽ ലബോറട്ടറി, കംപ്യൂട്ടർ ലാബുകളുടെ വികസനത്തിനായി 18,98,121/ രൂപ ചെലവഴിച്ചിട്ടുണ്ട്. സ്കുൾ തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ഡി) | കൊയിലാണ്ടി മണ്ഡലത്തിലെ ഉച്ചഭക്ഷണ പാചക ചെലവ് വിതരണത്തിന്റെ പുരോഗതി എന്നിവ പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ? | (ഡി) | കൊയിലാണ്ടി മണ്ഡലത്തിലെ മൂടാടി, തിക്കോടി, പയ്യോളി, ചെങ്ങോട്ട്കാവ്. ചേമഞ്ചേരി പഞ്ചായത്തുകളിലെയും, കൊയിലാണ്ടി മുൻസിപ്പാലിറ്റി ഏരിയയിലുള്ള സ്കൂളുകൾക്കായി ഉച്ചഭക്ഷണയിനത്തിൽ 1,76,33,959/ രൂപ 2012-13 സാമ്പത്തിക വർഷത്തിൽ വിതരണം ചെയ്തിട്ടുണ്ട്. നിലവിൽ ഉച്ചഭക്ഷണ പദ്ധതി മുടക്കം കൂടാതെ എല്ലാ സ്കൂളുകളിലും നടന്നുവരുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം. | സ്കൂളിന്റെ പേര് | ലബോറട്ടറി ഉപകരണങ്ങൾക്ക് അനുവദിച്ച തുക | കമ്പ്യൂട്ടർ ലാബിന് അനുവദിച്ച തുക |
|---|---|---|---|
| 1 | ഗവ. ഗേൾസ് എച്ച്.എസ്.എസ്. കൊയിലാണ്ടി | 3,08,301/- | - |
| 2 | ഗവ. മാപ്പിള എച്ച്.എസ്.എസ്. കൊയിലാണ്ടി | 2,66,420/- | 2,33,100/- |
| 3 | ഗവ. ബോയ്സ് എച്ച്.എസ്.എസ്. കൊയിലാണ്ടി | 3,48,818/- | 1,84,800/- |
| 4 | ഗവ. എച്ച്.എസ്.എസ്. പയ്യോളി | 3,25,682/- | 2,31,000/- |
| | ആകെ | 12,49.221/- | 6,48,900/- |

**ആകെ 18,98,121/-**

സെക്ഷൻ ഓഫീസർ